## തിസ്സീസ് ഫോർമാറ്റ്

തിസ്സീസ്സിന് താഴെപ്പറയുന്ന പേജുകൾ ക്രമീകരിക്കേണ്ടതാണ്.

1. കവർ ഭംഗിയായി ബൈൻഡ് ചെയ്യണം
2. ഫെയിസിംഗ് ഷീറ്റ്-ഇതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം.

- ദിവ്യബോധനം
- ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി,കോട്ടയം
- തിസ്സീസ്സ് വിഷയം
- GOCE ബിരുദത്തിനുവേണ്ടി തയ്യാറാക്കിയ പ്രബന്ധം

പേര് ............................

രജി. നമ്പർ ...............

മാർഗ്ഗനിർദ്ദേശം നൽകിയത്

പേര്..........................

സ്ഥലം, തീയതി

ഉദാഹരണം: കോട്ടയം, ജൂലൈ 2022

3. ആമുഖം
4. അധ്യായം1, അധ്യായം 2, അധ്യായം3, അധ്യായം 4
5. ഉപസംഹാരം
6. ഗ്രന്ഥസൂചിക

തിസ്സീസ് ടൈപ്പ് ചെയ്ത് കമ്പ്യൂട്ടർ പ്രിന്റ് എടുക്കുകയാണ് ഉത്തമം. തിസ്സീസ്സ് ബൈൻഡ് ചെയ്യുന്നതിനു മുമ്പ് വികാരിയെയോ അധ്യാപകരെയോ കാണിച്ച് Correction വല്ലതും ഉണ്ടെങ്കിൽ, നടത്തിയ ശേഷം ബൈൻഡ് ചെയ്യാൻ ശ്രദ്ധിക്കുക.

എല്ലാ എഴുത്തുകുത്തുകളും നിങ്ങളുടെ രജിസ്ട്രേഷൻ നമ്പർ സഹിതം താഴെ കാണുന്ന വിലാസത്തിൽ ആയിരിക്കണം

**THE REGISTRAR**
**DIVYA BODHANAM**
Orthodox Theological Seminay P.B. No. 98
Chungam, Kottayam - 686001, Kerala
Phone (Orthodox Seminary) 0481 - 2566526, 0481 - 2568083
9496465195, 9447123111, 6282761354
web: www. divyabodhanam.org.
www.ots edu.in
Email: divyabodhanamots@gmail.com

# ദിവ്യബോധനം

**മലങ്കര ഓർത്തഡോക്സ് സഭയുടെ**
**വിശ്വാസ പരിശീലന കോഴ്സുകൾ**

## ത്രിവത്സര ബിരുദ കോഴ്സ്

**(G.O.C.E)**

## പ്രോസ്പക്ട്സ്



**ഓർത്തഡോക്സ് വൈദിക സെമിനാരി**
**പി.ബി. 98, കോട്ടയം - 686001**
**ഫോൺ : 0481 - 2566526**

## ബിരുദ കോഴ്സ് G.O.C.E
## (Graduate in Orthodox Christian Education)

1. ദിവ്യബോധനം ഡിപ്ലോമ കോഴ്സ് കുറഞ്ഞത് 50 ശതമാനം എങ്കിലും മാർക്ക് വാങ്ങി പാസാകുന്ന ഏവർക്കും G.O.C.E (Graduate in Orthodox Christian Education) കോഴ്സിനു ചേർന്നു പഠിക്കാവുന്നതാണ്.
2. പഴയ രജിസ്റ്റർ നമ്പറിൽ തന്നെ 300 രൂപ (രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ് & കോൺവൊക്കേഷൻ ഫീസ്) നൽകി ഈ കോഴ്സിനു ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.
3. ഒരു വർഷത്തിൽ അഞ്ച് പഠനവിഷയം എന്ന രീതിയിൽ രണ്ട് വർഷം കൊണ്ട് 10 പുസ്തകങ്ങളുടെ പഠനം ഓരോ വിദ്യാർത്ഥിയും പൂർത്തിയാക്കേണ്ടതാണ്.
4. ഓരോ വിഷയം സംബന്ധിച്ചും കേന്ദ്രത്തിൽ നിന്നയയ്ക്കുന്ന സർക്കുലറിലെ നിർദ്ദേശപ്രകാരം പഠനം ആരംഭിക്കുകയും വീഴ്ച കൂടാതെ പൂർത്തീകരിക്കുവാൻ എല്ലാ വിദ്യാർത്ഥികളും ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.
5. ഓരോ വിഷയത്തിന്റെയും പഠന സംഗ്രഹവും 5 പേജിൽ കുറയാതെയും 7 പേജിൽ കവിയാതെയും ഓരോ വിഷയത്തിൽ നിന്നും തയ്യാറാക്കുന്ന 4 പ്രബന്ധങ്ങളും കേന്ദ്രത്തിലേക്ക് നേരിട്ട് അയച്ചുതരേണ്ടതാണ്. പ്രബന്ധ വിഷയങ്ങൾ പ്രോസ്പെക്ടസിൽ കൊടുത്തിരിക്കുന്നു.
6. സെമിനാർ, പരീക്ഷ തുടങ്ങിയവ വർഷത്തിൽ ഒരിക്കൽ (5 വിഷയങ്ങൾ) കേന്ദ്രതലത്തിൽ വിദ്യാർത്ഥികളുടെ അംഗസംഖ്യ പരിഗണിച്ച് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തു വച്ചു നടത്തുന്നതാണ്.
7. പത്തു വിഷയങ്ങളുടെ പഠനത്തിനു പുറമേ ഓരോ വിദ്യാർത്ഥിയും കേന്ദ്രം അംഗീകരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഒരു തീസ്സീസ് എഴുതി കേന്ദ്ര ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
8. കോഴ്സിനു പ്രായപരിധി നിർണ്ണയവും അതനുസരിച്ചുള്ള ഇളവുകളും ഉണ്ടായിരിക്കുന്നതല്ല.
9. വിജയനിർണ്ണയ രീതി പഠന സംഗ്രഹത്തിന് 20, പ്രബന്ധത്തിന് 20, സെമിനാറിന് 10, പരീക്ഷയ്ക്ക് 50 എന്ന രീതിയിൽ ഓരോ വിഷയത്തിനും 100 മാർക്ക് വീതം ഉണ്ടായിരിക്കുന്നതാണ്. തിസ്സീസിന് 100 മാർക്ക് ഉണ്ടായിരിക്കും.



10. എല്ലാ വിഷയങ്ങൾക്കുമായി അവസാനം ഗ്രേഡ് നിശ്ചയിക്കുന്നതും ക്ലാസ്സ് നിർണ്ണയിക്കുന്നതുമായിരിക്കും. A ക്ലാസ്സ് 70 ശതമാനം, B ക്ലാസ് 55 ശതമാനം, C ക്ലാസ്സ് 40%, 40 ൽ താഴെ മാർക്ക് വാങ്ങി തോൽക്കുന്ന വിദ്യാർത്ഥികൾവീണ്ടും പ്രബന്ധങ്ങൾ എഴുതി മാർക്ക് മെച്ചപ്പെടുത്തേണ്ടതാണ്. പുനഃപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

11 കേന്ദ്ര നിർദ്ദേശമനുസരിച്ച് ഓരോ വിദ്യാർത്ഥിയും ഏതെങ്കിലും ഇടവകയുമായി ബന്ധപ്പെട്ട് ഫീൽഡ് വർക്ക് നടത്തേണ്ടതാണ്. ഫീൽഡ് വർക്കിന്റെ ഭാഗമായി, ഇടവക വികാരിയുടെ അനുവാദത്തോടും മേൽനോട്ടത്തോടും കൂടി ഇടവകയിൽ പുതിയ P.O.C.E, D.O.C.E യൂണിറ്റുകൾ ആരംഭിച്ചു നടത്താവുന്നതാണ്. ഇടവക വികാരിമാരിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അവസാന വിജയ നിർണ്ണയ സമയത്തു ഗ്രേഡ് നിശ്ചയിക്കുന്നതാണ്.

## ജി.ഒ.സി.ഇ ഉപന്യാസം

### ഗ്രന്ഥം 1 : പൗരസ്ത്യ ക്രൈസ്തവ ദർശനം: ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്

1. പൗരസ്ത്യ ക്രിസ്തീയ ആരാധനാക്രമങ്ങളുടെ ഒരു താരതമ്യ പഠനവും അവയ്ക്ക് ആദിമസഭയുടെ ആരാധനാ രീതിയോടുള്ള ബന്ധവും വിശദമാക്കുക.
2. ശിശുസ്നാനത്തെക്കുറിച്ച് വി. വേദപുസ്തകം പിതാക്കന്മാരുടെ പഠിപ്പിക്കൽ പാരമ്പര്യം എന്നിവയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുക.
3. വേദശാസ്ത്രത്തെ അരോഗമാക്കാനുള്ള മാർഗ്ഗം വിശ്വാസത്തെ പ്രാർത്ഥനകളിലും ശുശ്രൂഷകളിലും ഉൾക്കൊള്ളുക എന്നതാണ്. ഓർത്തഡോക്സ് സഭയിലെ ആരാധന രീതി ഈ ആശയത്തെ എങ്ങനെ ഉൾക്കൊണ്ടിരിക്കുന്നു എന്ന് പരിശോധിക്കുക.
4. പരിസ്ഥിതി പ്രശ്നം സാമൂഹിക നീതിയും ലോകസമാധാനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു തെളിയിക്കുക.

### ഗ്രന്ഥം 2: സഭയും സാമൂഹ്യ പ്രതിബദ്ധതയും
### ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

1. പാറക്ലീത്തായുടെ പ്രവർത്തനം മിഷനാണ് തെളിയിക്കുക
2. ഭാരത സുവിശേഷവത്ക്കരണത്തിന് നൂതനമാർഗ്ഗങ്ങൾ മാത്രമല്ല, നൂതന ദൈവശാസ്ത്രം തന്നെ വേണ്ടിയിരിക്കുന്നു. സമർത്ഥിക്കുക.
3. ഗിരിപ്രഭാഷണം അസാധ്യമായ ഒരു സാധ്യതയാണ് എന്ന പ്രസ്താവന എത്രമാത്രം ശരിയാണെന്നു പരിശോധിക്കുക.
4. ക്രിസ്തീയ കാര്യവിചാരകത്വം സമൂഹത്തിൽ പ്രായോഗികമാക്കുവാൻ നമുക്ക് ചെയ്യുവാൻ സാധിക്കുന്നത് എന്തെല്ലാ.

### ഗ്രന്ഥം 3 : ക്രൈസ്തവ ആദ്ധ്യാത്മികത
### ഫാ.സി.സി. ചെറിയാൻ

1. ക്രിസ്തീയ ആത്മീയതയും ഹൈന്ദവ ആത്മീയതയും തമ്മിൽ ഒരു താരതമ്യ പഠനം നടത്തുക.
2. ഓർത്തഡോക്സ് ആരാധനയുടെ പ്രധാന ഊന്നലുകളും അവയുടെ സ്ത്രോതസും വിശദീകരിക്കുക.
3. ആത്മീയ ജീവിതം നയിക്കുന്നതിന്റെ ഒരുക്കം, രീതികൾ, ഫലങ്ങൾ എന്നിവ ചർച്ച ചെയ്യുക.
4. ആത്മീയ വളർച്ചയ്ക്ക് തടസമായി നിൽക്കുന്ന ദുഷ്ട വിചാരങ്ങൾ എന്തെല്ലാം, അവയെ എങ്ങനെ അതിജീവിക്കാം?

### ഗ്രന്ഥം 4: മതങ്ങളുടെ സന്ദേശം
### ഡോ. ഗീവർഗീസ് മാർ യൂലിയോസ്

1. മതം സാംസ്കാരികതയുടെ ഔന്നത്യമാണ് തെളിയിക്കുക.
2. ഉപനിഷത്തുകൾക്ക് സാർവ്വത്രികമായ ഒരു മാനം ഉണ്ട് എന്ന് തെളിയിക്കുക.
3. ജൈനമതസിദ്ധാന്തങ്ങളും ബുദ്ധമതസിദ്ധാന്തങ്ങളും തമ്മിൽ ഉള്ള ഒരു താരതമ്യപഠനം നൽകുക.
4. മറ്റു മതങ്ങളോടുള്ള ക്രിസ്തുവിന്റെ സമീപനം എന്തായിരുന്നു.

### ഗ്രന്ഥം 5 : പ്രതീക്ഷാ സന്ദേശങ്ങൾ
### റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ്ജ്

1. ശൗൽ, ദാവീദ്, ശലോമോൻ എന്നിവരുടെ രാജവാഴ്ചക്കാലത്തെക്കുറിച്ച് ഒരു താരമത്യപഠനം നടത്തുക.
2. ബാബിലോൺ പ്രവാസത്തിലേക്കു നയിച്ച സാഹചര്യങ്ങളും പ്രവാസകാലത്ത് ഇസ്രായേൽക്കാർക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുക.



3. അപ്പോക്രഫാ പുസ്തകങ്ങളിലെ പ്രധാന ചിന്തകൾ വിലയിരുത്തുക.
4. യഹൂദന്മാരുടെ പ്രധാനപ്പെട്ട പെരുനാളുകൾ ഏവ? അതേപേരിലുള്ള ക്രൈസ്തവ പെരുനാളുകളുമായി താരതമ്യ പഠനം നൽകുക?

### ഗ്രന്ഥം 6 : യെരുശലേമിൽ നിന്ന്
### ഫാ. ഡോ. എം. ഒ. ജോൺ

1. ഒന്നു മുതൽ നാലുവരെയുള്ള നൂറ്റാണ്ടുകളിൽ സഭയുടെ വളർച്ചയ്ക്കു അനുകൂലമായി ഭവിച്ച സാഹചര്യങ്ങൾ വിശദമാക്കുക.
2. ആദിമസഭയിൽ രൂപം കൊണ്ട വേദവിപരീതങ്ങൾ വിശദീകരിക്കുക. അവ എങ്ങനെ സഭയ്ക്കു ഗുണകരമായി രൂപാന്തരപ്പെട്ടു?
3. നിഖ്യസുന്നഹദോസ് കൂടുവാനുള്ള സാഹചര്യങ്ങളും അവിടെയുണ്ടായ പ്രധാന നിശ്ചയങ്ങളും വിശദീകരിക്കുക.
4. ആദിമസഭയിലെ ആരാധനാരീതികളും കൂദാശ അനുഷ്ഠാനങ്ങളും വിലയിരുത്തുക.

### ഗ്രന്ഥം 7 : സഭാപാരമ്പര്യ ശില്പികൾ
### ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്

1. തോമ്മായുടെ പ്രവർത്തികൾ എന്ന അപ്പൊക്രിഫൽ ഗ്രന്ഥത്തിലെ ആശയങ്ങൾ സംക്ഷിപ്തമായി വിവരിക്കുക.
2. മാമ്മോദീസാ വി. കുർബാന എന്നീ കൂദാശകളെക്കുറിച്ച് മാർ അപ്രേമിന്റെ പഠിപ്പിക്കലുകൾ വിശദമാക്കുക.
3. സത്യവിശ്വാസ പഠനത്തിന് മാർ യാക്കോബ് ബുർദ്ദാന നൽകിയ സംഭാവനകൾ വിശദമാക്കുക.
4. വി. കുർബാനയെക്കുറിച്ച് മൂശേ ബർകീഫായുടെ വ്യാഖ്യാനങ്ങൾ ചുരുക്കു എഴുതുക.

### ഗ്രന്ഥം 8 : ഇടയന്റെ പാതയിൽ
### ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

1. ശുശ്രൂഷകരുടെ യോഗ്യതകൾ വി. വേദപുസ്തക പശ്ചാത്തലത്തിൽ വിശദീകരിക്കുക.
2. വി. മാമോദീസാ ശുശ്രൂഷയുടെ ആമുഖമായി നടത്താവുന്ന ഒരു പ്രസംഗം തയ്യാറാക്കുക.
3. മദ്യ-മയക്കുമരുന്നുകളുടെ സ്വാധീനം വിദ്യാർത്ഥികൾക്കിടയിൽ വളരെയധികം വർദ്ധിക്കുന്ന ഇതിന്റെ കാരണങ്ങൾ എന്തെല്ലാം? പ്രതിനിധികൾ എന്ത്?

4. ക്രിസ്തീയ കാര്യവിചാരകത്വ ദർശനത്തിന്റെ ഭാഗമായി ചെയ്യാവുന്ന ശുശ്രൂഷകൾ ഏവ?

**ഗ്രന്ഥം 9 : സഭയും സംവേദനവും**
**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**

1. സഭയിലെ സംവേദനത്തിനുണ്ടാകുന്ന തടസങ്ങൾ ഏവ? അവ എങ്ങനെ അതിജീവിക്കാം.
2. യേശുക്രിസ്തുവിന്റെ സംവേദനസമ്പ്രദായങ്ങൾ ഉദാഹരണങ്ങൾ സഹിതം സംക്ഷിപ്തമായി എഴുതുക.
3. മലങ്കരസഭയിൽ നിലനിൽക്കുന്ന സംവേദനരീതികളും അതിൽ വരുത്തേണ്ട പുരോഗമന ചിന്തകളും വിശദമാക്കുക.
4. മാധ്യമങ്ങളിൽ പ്രദർശിപ്പിക്കപ്പെടുന്ന സ്ത്രീ പ്രതിച്ഛായ നിഷേധപരമാണ്. ഈ പ്രസ്താവന വിലയിരുത്തുക.

**ഗ്രന്ഥം 10 : മനസ്സും ജീവിതവും**
**ഫാ. ഡോ. ഒ. തോമസ്**

1. 'പ്രത്യാശ' എന്ന വാക്കിന് കൗൺസലിംഗിൽ ഉള്ള പ്രസക്തി വിശദീകരിക്കുക.
2. Reality Therapy എന്നാൽ എന്ത്? ഇതിന്റെ സാധ്യതകളും പ്രശ്നങ്ങളും വിലയിരുത്തുക.
3. മാനസിക സംഘർഷങ്ങളുടെ കാരണങ്ങളും സംഘർഷം അനുഭവിക്കുന്നവരോട് ഒരു കൗൺസിലറുടെ സമീപനം എന്തായിരിക്കണം എന്നും വിശദമാക്കുക.
4. എല്ലാ അസ്വസ്ഥതകളുടെയും അടിസ്ഥാന കാരണം ദൈവസന്നിധിയിൽ നിന്നുള്ള അകൽച്ചയും വീഴ്ചയിലായ പാപസ്വഭാവവുമാണ് സഭ ഇതിന് എന്തുപ്രതിവിധികളാണ് നിശ്ചയിച്ചിട്ടുള്ളത്.?

## തിസ്സീസ് എഴുതുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ഡിഗ്രി ലഭിക്കുന്നത് മുന്നോടിയായി ഓരോ വിദ്യാർത്ഥിയും ദിവ്യബോധനം കേന്ദ്ര ഓഫീസ് അംഗീകരിച്ച് നൽകുന്ന ഒരു വിഷയം സംബന്ധിച്ച് 50 പേജിൽ കൂടാതെയും 30 പേജിൽ കുറയാതെയും ഒരു തിസ്സീസ് എഴുതി ടൈപ്പ് ചെയ്ത് കേന്ദ്ര ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

വിഷയം അംഗീകരിച്ചു കിട്ടിയാൽ ഉടൻതന്നെ തിസ്സീസിന്റെ ഒരു പ്രാഥമിക ഘടനയും രൂപരേഖയും (Outline) തയ്യാറാക്കി ഓഫീസിൽ



അയച്ചുതരുന്നത് നല്ലതായിരിക്കും. പ്രത്യേക നിർദ്ദേശം ആവശ്യമെങ്കിൽ നൽകുന്നതിനുവേണ്ടിയാണിത്.

ഒരു തിസ്സീസിൽ ആമുഖം, ഉപസംഹാരം എന്നിവയ്ക്കു പുറമെ കുറഞ്ഞത് മൂന്നു അദ്ധ്യായം എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.ഓരോ അദ്ധ്യായത്തിലും തലക്കെട്ട്, ഭാഗങ്ങൾ, ഉപഭാഗങ്ങൾ (Heading, Titles, Subtitles) എന്നിവ ഉണ്ടായിരിക്കണം.

ഏതെങ്കിലും പുസ്തകങ്ങളിൽ നിന്നോ ലേഖനങ്ങളിൽ നിന്നോ ആശയങ്ങൾ എടുത്തെഴുതുമ്പോൾ അത് ആരുടെ, ഏത്, എവിടെ നിന്ന് പ്രസിദ്ധീകരിച്ച പുസതകത്തിൽ നിന്നാണെന്ന് പേജ് നമ്പർ ഉൾപ്പെടെ Foot note ൽ എഴുതേണ്ടതാകുന്നു.

ഓരോ തിസ്സീസിന്റെയും അവസാന ഭാഗത്ത് ഉപയോഗിച്ച പുസ്തക/ലേഖനങ്ങളും ഗ്രന്ഥസൂചിക (Bibliography) നൽകേണ്ടതാണ്.

ഓരോ തിസ്സീസിലും എഴുതുന്ന വിഷയത്തിന്റെ വേദപുസ്തക-വേദശാസ്ത്ര-ചരിത്ര വിശദീകരണങ്ങളും കാലിക പ്രസക്തിയും ഉൾക്കൊള്ളിക്കേണ്ടതാണ്.

തിസ്സീസിന് മാർഗ്ഗനിർദ്ദേശം നൽകുന്ന വേദശാസ്ത്ര ബിരുദമുള്ള ആളിനെ (Guide) വിദ്യാർത്ഥികൾ തന്നെ തെരഞ്ഞെടുക്കുകയും വിഷയത്തോടൊപ്പം അത് കേന്ദ്ര ഓഫീസിൽ അറിയിച്ച് അംഗീകാരം വാങ്ങുകയും ചേയ്യേണ്ടതാണ്.

തിസ്സീസ് കേന്ദ്ര ഓഫീസിൽ സമർപ്പിക്കുന്നതിനു മുമ്പ് Guide, Registrar എന്നിവരുടെ അംഗീകാരം ലഭിക്കേണ്ടതാണ്.


**Office Bearers**

| | |
|---|---|
| President | : H.G. Dr. Yacob Mar Ireanaios |
| Vice President : | Rev. Dr. Regi Mathew |
| Director | : Rev. Dr. T. J. Joshua |
| Joint Director | : Rev. Fr. C.C. Cherian |
| Bursar | : Rev. Dr. Saji Amayil |
| Registrar | : Rev. Fr. Mathew John Manayil<br>Mob: 9496465195 |
| Co-ordinator | : Rev. Dr. Varghese P Varghese |
| Organization Secretary | : Prof. Dr. Cherian Thomas<br>Mob: 9447123111 |
| Office Secretary | : Tintumol Abraham<br>Mob: 6282761354 |